പഴങ്ങളിലെയും പച്ചക്കറികളിലെയും അമിതമായ കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണർ ചെയർപേഴ്സണായും കൃഷി, മൃഗസംരക്ഷണം എന്നീ വകുപ്പുകളിലെ ഡയറക്ടർമാർ, വെള്ളായണി കാർഷിക കോളേജിലെ പ്രൊഫ. ഡോ. ബിജുതോമസ് മാത്യു, വാണിജ്യനികുതി വകുപ്പ് ജോയിന്റ് കമ്മീഷണർ എന്നിവർ അംഗങ്ങളായും ഒരു ഉന്നതതല സമിതി സർക്കാർ ഇതിനകം രൂപീകരിച്ചിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന അമിതമായ കീടനാശിനികൾ അടങ്ങിയതുൾപ്പെടെയുള്ള വിഷലിപ്തമായ പഴം, പച്ചക്കറികൾ തടയുക, കൃത്യമായ പരിശോധനകൾ നടത്തുക എന്നീ വിഷയത്തിന്മേലുള്ള നടപടികൾ ഉന്നതതല അധികാര സമിതി തീരുമാനിക്കുന്നതാണ്.

(സി) കൃഷി വകുപ്പിന്റെ ശുപാർശയോടുകൂടി വരുന്ന കർഷകരുടെ സാമ്പിളുകൾ സൗജന്യമായി പരിശോധിക്കുന്നു. എന്നാൽ, സ്വകാര്യ സാമ്പിളുകൾക്ക് 2500 രൂപ മുതൽ 8000 രൂപ വരെ പരിശോധന ഫീസ് ഈടാക്കുന്നുണ്ട്. ആയത് കറയ്ക്കുവാൻ വേണ്ട നിർദ്ദേശം നൽകുന്നകാര്യം പരിശോധിക്കുന്നതാണ്.

(ഡി) സംസ്ഥാനത്തേയ്ക്ക് വരുന്ന പഴം, പച്ചക്കറി ലോറികളുടെ വിശദാംശങ്ങൾ വാണിജ്യനികുതി വകുപ്പിന്റെ സഹായത്തോടുകൂടി ശേഖരിക്കുവാൻ നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 2015 ജൂലൈ മുതൽ സംസ്ഥാനത്തേക്ക് പഴം, പച്ചക്കറി എന്നിവകൊണ്ടുവരുന്ന എല്ലാ വാഹനങ്ങൾക്കും ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷൻ നിർബന്ധമാക്കുവാനും തീരുമാനിച്ചിട്ടുണ്ട്. പുതിയതായി സംസ്ഥാനത്ത് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ള മൂന്ന് മൈബൈൽ അനലറ്റിക്കൽ ലാബുകളുടെ സേവനവും ചെക്ക് പോസ്റ്റ് കേന്ദ്രീകരിച്ച് പരിശോധന നടത്തുന്നതിനായി ഉപയോഗപ്പെടുത്തുന്ന കാര്യവും പരിശോധിക്കുന്നതാണ്.

(ഇ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

കാർഷിക പാക്കേജുകൾ യാഥാർത്ഥ്യമാക്കുന്നതിന് നടപടി

180 (1550) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ കാർഷിക പാക്കേജുകളുടെ കാലാവധി നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ പ്രധാന കാർഷിക മേഖലകളായ കട്ടനാടിന്റെയും ഇടുക്കിയുടെയും സമഗ്രവികസനം ലക്ഷ്യമാക്കി നടപ്പാക്കിയ കാർഷിക പാക്കേജിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(സി) കട്ടനാട്, ഇടുക്കി പാക്കേജുകൾ യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കട്ടനാട് പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടിക്കിട്ടാൻ ബഹു. മുഖ്യമന്ത്രി 7-10-2014-നും 16-10-2014-നും കേന്ദ്ര സർക്കാരിന് കത്ത് നൽകിയിരുന്നു. ബഹു. മുഖ്യമന്ത്രിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ ബഹു. കേന്ദ്ര കൃഷി മന്ത്രി കട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട ജലസേചന പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള സഹായം നൽകുന്നതിനായി 13-11-2014-ലെ കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിക്ക് അയച്ച കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മൂൻഗണന നൽകേണ്ടതും ബാക്കി അവശേഷിക്കുന്ന പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ചു പൂർത്തിയാക്കാവുന്നതാണെന്നും ടി കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

ഇടുക്കി പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടുന്നതിന് കേന്ദ്രത്തോട് അഭ്യർത്ഥിക്കുവാൻ 15-1-2014-ൽ കൂടിയ സംസ്ഥാന മന്ത്രിസഭാ യോഗത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു. മുഖ്യമന്ത്രി 23-1-2014-ൽ 2 വർഷം കാലാവധി നീട്ടുന്നതിന് കേന്ദ്ര സർക്കാരിന് കത്ത് നൽകുകയുണ്ടായി. കൂടാതെ 16-10-2014-ലും കേന്ദ്ര സർക്കാരിന് കത്ത് നൽകി. എന്നാൽ ഇതിനുള്ള മറുപടിയായി പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ചു പൂർത്തിയാക്കുന്നതിന് ഇടുക്കി പാക്കേജിന്റെ കാലാവധി ദീർഘിപ്പിക്കാത്തത് തടസ്സമാവില്ലായെന്നും, കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തുടർന്നും ആർ.കെ.വി.വൈ. പോലുള്ള തുടർ സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണെന്നുമാണ് ബഹു. കേന്ദ്ര കൃഷി മന്ത്രി 13-11-2014-ൽ ബഹു. മുഖ്യമന്ത്രിക്ക് അയച്ച കത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്. കൂടാതെ ഇടുക്കി പാക്കേജുമൂലം ഗ്രാമീണ ഉപജീവനമാർഗ്ഗത്തിലും കാർഷിക മേഖലയിലും ഉണ്ടായ പ്രബലമായ പ്രഭാവവും കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യാത്തതും പ്രശംസനീയമായ നേട്ടമാണെന്ന് ടി കത്തിൽ പരാമർശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) നാളിതുവരെ ലഭിച്ച പുരോഗതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുട്ടനാട് ഇടുക്കി പാക്കേജുകൾക്കായി അനുവദിച്ചിരിക്കുന്ന തുകകൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

കുട്ടനാട്, ഇടുക്കി പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടി നൽകണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി കേന്ദ്ര സർക്കാരിന് കത്തുകൾ നൽകുക യുണ്ടായെങ്കിലും, സംസ്ഥാന സർക്കാരിന്റെ തുടർപദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനാണ് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്.

കാർഷിക വിളനാശത്തിനുള്ള കടിശ്ശിക തുക

181 (1551) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ കാർഷിക വിളനാശം പരിഗണിച്ച് കർഷകർക്കായി എത്ര തുക നൽകിയിട്ടുണ്ട്;

(ബി) ഈ കാലയളവിലെ കടിശ്ശിക തുക കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ കാർഷിക വിളനാശം പരിഗണിച്ച് കർഷകർക്ക് നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

വർഷം	തുക (രൂപയിൽ)
2013 -14	5,05,19,930
2014 -15	27,23,14,485

(ബി) പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് റവന്യൂ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്നാണ് നിലവിൽ ധനസഹായം നൽകുന്നത്. പ്രസ്തുത ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് കർഷകർക്ക് നൽകുന്നതാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly